നമ്പർ സ്പോർട്സ്(1)/39904/12/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയ്യതി:25/6/2013

## സർക്കുലർ

വിഷയം: സ്പോർട്സ് ആന്റ് ഗയിംസ് 2013-14 വർഷത്തെ അത്‌ലറ്റിക് ഫണ്ട് തുക പിരിച്ച് അയയ്ക്കുന്നത് - സംബന്ധിച്ച് -

സൂചന: കേരള സ്പോർട്സ് മാന്വൽ 9-ാം അദ്ധ്യായം

.......

2013 -14 അദ്ധ്യയന വർഷത്തെ വിവിധ തലങ്ങളിലുള്ള കായിക മത്സരങ്ങൾ യഥാസമയം ആരംഭിക്കുന്നതിനും സംസ്ഥാന കായികമേള യഥാസമയം നടത്തുന്നതിനും ആവശ്യമായ അത്‌ലറ്റിക് ഫണ്ട് കളക്ഷൻ ജൂൺ മാസത്തിൽത്തന്നെ തീർപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്

എല്ലാ വിദ്യാഭ്യാസ ഓഫിസർമാരും അവരവരുടെ അധികാര പരിധിയിൽ വരുന്ന ഹൈസ്ക്കൂൾ വിഭാഗം കുട്ടികളിൽ നിന്നും ജൂൺ 30-ന് മുമ്പായി അത്‌ലറ്റിക് ഫണ്ടായി ചുവടെ ചേർത്തിരിക്കുന്ന ക്രമത്തിൽ തുക പിരിക്കേണ്ടതും പ്രസ്തുത തുക ക്രോഡികരിച്ച് തിരുവനന്തപുരം ജഗതിയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബ്രാഞ്ചിൽ മാറത്തക്കവിധം ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ഡോ. ചാക്കോ ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ്, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ ജൂലൈ ആദ്യ വാരത്തിൽത്തന്നെ അയയ്ക്കേണ്ടതുമാണ്. ഡിമാന്റ് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും എടുത്തതായിരിക്കണം. ചില വിദ്യാഭ്യാസ ജില്ലകൾ മറ്റു ബാങ്കുകളിൽ നിന്നും ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അയക്കുന്നതായി കാണുന്നു. ഇത് പലതരത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. 5 മുതൽ 7 വരെയുള്ള കുട്ടികളിൽനിന്നും 5 രൂപ, നിരക്കിലും 8 മുതൽ 10 -ാം തരം വരെയുള്ള കുട്ടികളിൽ നിന്നും 10 രൂപ, നിരക്കിലും അത്‌ലറ്റിക് ഫണ്ട് പിരിക്കാവുന്നതും 5-ാം തരം മുതൽ 7-ാം തരം വരെ സബ് ജില്ലാ റവന്യൂ ജില്ലാ വിഹിതമായി യഥാക്രമം ഓരോ രൂപയും 8-ാം തരം മുതൽ 10-ാം തരം വരെയുളള കുട്ടികളിൽ നിന്നും സബ്ജില്ലാ/റവന്യൂ ജില്ലാ വിഹിതമായി 1.50 രൂപാ ക്രമത്തിലും ഉപജില്ലാ/ജില്ലാ വിഹിതം കഴിച്ചുള്ള തുക സംസ്ഥാനതല വിഹിതമായി ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അനുബന്ധമായി കൊടുത്തിട്ടുള്ള പ്രൊഫോർമ സഹിതം അയക്കേണ്ടതാണ്.

സ്ക്കൂൾതലം മുതൽ ദേശീയതലം വരെയുള്ള കായിക മൽസരങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുന്നത് അത്‌ലറ്റിക് ഫണ്ട് ഉപയോഗിച്ചാണ്. കുട്ടികളിൽ നിന്നും പിരിച്ചെടുക്കുന്ന അത്‌ലറ്റിക് ഫണ്ട് കൈവശം സൂക്ഷിക്കുകയോ പി.റ്റി.എ ഫണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യാതെ സമയബന്ധിതമായി നടക്കേണ്ട മത്സരങ്ങളുടെ നടത്തിപ്പിനായി ജൂലൈ ആദ്യവാരത്തിൽ തന്നെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

എ.സി-16/6

## PROFORMA

### DETAILED STATEMENT FOR ATHLETICS FUND COLLECTION -2013-2014

| SL NO | NAME OF SCHOOL | NO.OF STUDENTS | | NO.OF STUDENTS EXEMPTED FROM | | EFFECTIVE NO | | AMOUNT COLLECTED | |
|---|---|---|---|---|---|---|---|---|---|
| | | UP LEVEL | HS LEVEL | UP LEVEL | HS LEVEL | UP LEVEL | HS LEVEL | SUB.DIST.LEVEL | REV.DIST.LEVEL |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | TOTAL | | | | | | | | |

DEMAND DRAFT IN FAVOR OF DIRECTOR OF PUBLIC INSTRUCTION NO------------------------- AMOUNT-------------------- DATED--------------------

NAME OF DISTRICT/SUB. DIST EDUCATIONAL OFFICE

NAME OF DEO/AEO :

SIGNATURE :